## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1528 02.07.2015 ൽ മറുപടിയ്ക്ക്

# റബ്ബർ വിലയിടിവ് മൂലം കർഷകർക്കുണ്ടാകുന്ന പ്രതിസന്ധികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) റബ്ബർ വിലയിടിവ് മൂലം പ്രതിസന്ധിയിലായ കർഷകരെ സഹായിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (എ) റബ്ബർ വിലയിടിവ് മൂലം പ്രതിസന്ധിയിലായ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് സർക്കാർ ഉത്തരവ് (എം.എസ്) നം.56/2014/കൃഷി, തീയതി 25.02.2014 പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ്, എന്നീ ഏജൻസികൾ മുഖേനയാണ് റബ്ബർ സംഭരണം നടത്തിയിട്ടുള്ളത്. ഒന്നാം ഘട്ട റബ്ബർ സംഭരണത്തിൽ സംഭരണ ഏജൻസികൾക്ക് കിലോയ്ക്ക് 6/- രൂപ കൈകാര്യച്ചെലവ് അനുവദിക്കുന്നതിനായി സർക്കാരിന്റെ സാമ്പത്തിക ബാദ്ധ്യത പരമാവധി 6 കോടി രൂപയിൽ പരിമിതപ്പെടുത്തിക്കൊണ്ട്, കൃഷി, സഹകരണ വകുപ്പുകൾ 2:1 എന്ന അനുപാതത്തിൽ തുക കണ്ടെത്തുകയും, കൃഷി വകുപ്പിന്റെ വിഹിതമായ 4 കോടി രൂപ, വില സ്ഥിരതക്ക വേണ്ടി വിപണി ഇടപെടൽ എന്ന ശീർഷകത്തിൽ നിന്നും 2013-14-ൽ തന്നെ സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയിട്ടുണ്ട്. റബ്ബർ സംഭരണം ആരംഭിച്ചപ്പോൾ കോട്ടയം വിപണിയുടെ ദൈനംദിന വിപണി വിലയിൽ നിന്നും കിലോയ്ക്ക് 2/- രൂപ കൂടുതൽ നൽകി RSS-4 ഗ്രേഡിലുള്ള റബ്ബറാണ് സംഭരിച്ചിരുന്നത്. എന്നാൽ സ.ഉ(എം.എസ്) നം.232/2014/കൃഷി തീയതി 13.10.2014 പ്രകാരം RSS-5 ഗ്രേഡിലുള്ള റബ്ബറും |

കർഷകരിൽ നിന്നും സംഭരണം നടത്തുന്നതിനുള്ള ഉത്തരവായിട്ടുണ്ട്. തുടർന്ന് സ.ഉ.(എം.എസ്) നം.254/2014/കൃഷി, തീയതി 06.11.2014 പ്രകാരം റബ്ബർ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് റബ്ബർ ബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണി വിലയിൽ നിന്നും കിലോയ്ക്ക് 5/- രൂപ കൂടുതൽ നൽകി RSS-4, RSS-5 ഗ്രേഡിലുള്ള റബ്ബർ സംഭരണത്തിന് ഉത്തരവായിട്ടുണ്ട്.

സംഭരണ ഏജൻസികൾക്കുള്ള പ്രശ്നങ്ങൾ പരിഹരിച്ചു കൊണ്ട് റബ്ബർ സംഭരണം അടിയന്തിരമായി പുനരാരംഭി-ക്കുന്നതിനായി സ.ഉ.(എം.എസ്) നം.176/2014/കൃഷി, തീയതി 16.08.2014 പ്രകാരം 10 കോടി രൂപ 'വില സ്ഥിരതക്കു വേണ്ടി വിപണി ഇടപെടൽ പദ്ധതി' പ്രകാരം അധികമായി അനുവദിച്ചുകൊണ്ട് 5 കോടി രൂപ വീതം സംഭരണ ഏജൻസികളായ മാർക്കറ്റ്ഫെഡിനും, റബ്ബർമാർക്കിനും അനുവദിച്ചു നൽകുകയും, റബ്ബർ സംഭരണം പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഉത്തരവ് (എം.എസ്) നം.304/2014/കൃഷി, തീയതി 15.12.2014 പ്രകാരം സംഭരണ ഏജൻസികൾക്ക് കിലോയ്ക്ക് 6/- രൂപ നിരക്കിൽ നൽകുന്ന കൈകാര്യച്ചെലവ് 9/- രൂപയാക്കി ഉയർത്തിയിട്ടുണ്ട്. 2015-16-ൽ റബ്ബർ സംഭരണം ഊർജ്ജിതപ്പെടുത്തുന്നതിനായി സ.ഉ. (എം.എസ്) 41/2015 തീയതി 11.03.2015 പ്രകാരം കൃഷി വകുപ്പിന്റെ വില സ്ഥിരതക്കു വേണ്ടി വിപണി ഇടപെടൽ പദ്ധതി പ്രകാരം 1 കോടി രൂപ വീതം സംഭരണ ഏജൻസികളായ മാർക്കറ്റ് ഫെഡിനും, റബ്ബർ മാർക്കിനും അനുവദിച്ചു നൽകിയിട്ടുണ്ട്.

റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമാണെന്നു ബോദ്ധ്യപ്പെട്ടതിനാൽ സംസ്ഥാന

| | | | |
|---|---|---|---|
| | | | സർക്കാർ. കേന്ദ്ര സർക്കാരിലേക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി ചുങ്കം 20 ശതമാനമോ, കിലോയ്ക്ക് 30 രൂപയോ ഏതാണോ കുറവ് എന്നത് ഉയർത്തിക്കൊണ്ട് 25 ശതമാനമോ കിലോയ്ക്ക് 30 രൂപയോ ഏതാണോ കുറവ് എന്ന നിരക്ക്, കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുണ്ട്. |
| (ബി) | റബ്ബറിനേർപ്പെടുത്തിയിരിക്കുന്ന മൂല്യ വർധിത നികുതി പിൻവലിക്കുന്നതും ടി തുക കൂടി കർഷകർക്കു നൽകുന്നതും, പ്രതിസന്ധിയിലായ കർഷകരെ സഹായിക്കുന്നതിന് ഉപകരിക്കുമെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ടോ ? | (ബി) & (സി) | അന്താരാഷ്ട്ര വിപണിയിൽ ക്രംബ് റബ്ബറിനുണ്ടായിരുന്ന കുറഞ്ഞ വില കാരണം ഇത്തരം റബ്ബർ അന്യ രാജ്യങ്ങളിൽ നിന്ന് കൂടുതൽ ഇറക്കുമതി ചെയ്യുന്ന പ്രവണതയാണ് തദ്ദേശ റബ്ബറിന്റെ വിലക്കുറവിന് കാരണമെന്ന് കണ്ടെത്തിയതിനെ തുടർന്ന് അത് ഫലപ്രദമായി തടയുന്നതിനും കൂടിയാണ് പ്രകൃതിദത്ത റബ്ബറിനെ നികുതി വിമുക്തമാക്കിയതും Price stabilization scheme നടപ്പിലാക്കിയതും. ഡിസംബർ 22-ാം തീയതി മുതൽ നടപ്പിലാക്കിയ Price stabilization scheme -നെ തുടർന്ന് ടയർ കമ്പനികൾ കൂടുതൽ റബർ കേരളത്തിൽ നിന്നും വാങ്ങുകയും റബ്ബറിന് നേരിയ തോതിലെങ്കിലും വില വർദ്ധനവ് ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. മുമ്പ് ഉണ്ടായിരുന്ന റബ്ബർ വിലയുമായി താരതമ്യം ചെയ്യുമ്പോൾ കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുകയുണ്ടായിട്ടുണ്ട്. എന്നാൽ സർക്കാർ ഉദ്ദേശിച്ച കിലോയ്ക്ക് 130/- രൂപ എന്ന വില പൂർണ്ണമായും കർഷകർക്ക് എല്ലാ ദിവസവും ലഭിക്കുകയുണ്ടായില്ല. ഇതിനെ തുടർന്ന് 01.01.2015 മുതൽ Price stabilization fund സർക്കാർ പിൻവലിക്കുകയുണ്ടായി. |
| (സി) | പ്രസ്തുത നടപടി സ്വീകരിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ